DESPATCHED
On 26/02/2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


**ഹർജി നമ്പർ AP.No. 2158(5)/18/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 10795/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീമതി ഗീത. എ.,**
**ബ്ലോക്ക് നം. 36, സ്വാമി നഗർ,**
**എക്സ്. കോളനി പി.ഒ.**
**പച്ച, പാലോട്,**
**തിരുവനന്തപുരം – 695 562.** } **അപ്പീൽ ഹർജിക്കാരി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,**
**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്,**
**പെരിങ്ങമ്മല പി.ഒ.,**
**തിരുവനന്തപുരം – 695 563.**

**അപ്പീൽ അധികാരി &**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ.,**
**തിരുവനന്തപുരം.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 13.03.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 04.04.2018 |
| ഒന്നാം അപ്പീൽ | 08.05.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 20.06.2018 |
| രണ്ടാം അപ്പീൽ | 01.10.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 19.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു(പ്രതിനിധി)<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, പെരിങ്ങമ്മല പഞ്ചായത്തിലെ 17 -ാം വാർഡിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം 09.10.2015 - ൽ തൊഴിലുറപ്പ് പണി നടന്നിട്ടുണ്ടോ. ഉണ്ടെങ്കിൽ ആരുടെയെല്ലാം വസ്തുക്കളിൽ. അവരുടെ അഡ്രസ്സും, പേരും, സർവ്വെ നമ്പരും. ആരൊക്കെയാണ് പണി ചെയ്തിട്ടുള്ളത്. ആരുടെ വസ്തുവിൽ ആരൊക്കെ പണി ചെയ്തു.

അവരുടെ പേരും അഡ്രസ്സും, 2010 മുതൽ 2015 വരെ പെരിങ്ങമ്മല 16 – 17 വാർഡുകളിലെ മെമ്പർമാരുടെ പേരും അഡ്രസ്സും, ടി മെമ്പർമാർക്കെതിരെ ആരെങ്കിലും പഞ്ചായത്തിൽ പരാതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമാകാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീൽ ലഭ്യമായതിനെ തുടർന്ന് അപ്പീൽ അധികാരി ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 07.06.2018 തീയതി നടത്തിയ ഹിയറിംഗിന് എസ്.പി.ഐ.ഒ.യുടെ പ്രതിനിധിയും അപ്പീൽവാദിയും ഹാജരാകുകയും ഉണ്ടായി.

3. ഒന്നാം എതിർകക്ഷി നൽകിയ വിവരം നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയ അപ്പീൽ അധികാരി അപ്പീൽവാദി ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് എത്രയും വേഗം നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കരുതെന്ന് താക്കീത് നൽകിക്കൊണ്ടും ഒന്നാം അപ്പീൽ തീർപ്പാക്കി. ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം ഉണ്ടായിട്ടും യാതൊരു വിവരവും ലഭ്യമായില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് അപ്പീൽവാദി കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി നിയമാനുസൃതമല്ല എന്നും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ ഫയൽ പരിശോധിക്കാൻ ആവശ്യപ്പെട്ടത് ശരിയായ നടപടി അല്ല എന്നും കൂടാതെ അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരവും ഒരു വിവരവും ലഭ്യമായിട്ടില്ല എന്നുമാണ്.

5. നേർ വിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ.യുടെ പ്രതിനിധി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽ ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകി എന്നും, ടിയാൾ ഒന്നാം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് വിശദമായ മറുപടി നൽകി എന്നുമാണ്. മേപ്പടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് ചുമതലപ്പെടുത്തിയിരുന്ന അക്രെഡിറ്റഡ് എഞ്ചിനീയർക്ക് അപേക്ഷയുടെ പകർപ്പ് കൈമാറുകയും അവിടെ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കി അപേക്ഷകയ്ക്ക് അയച്ചുനൽകിയിരുന്നു എന്നുമാണ്.

6. ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി നൽകിയ മൊഴി അവിശ്വസനീയമായി തോന്നിയതിനെ തുടർന്ന് ഒറിജിനൽ ഡെസ്പാച്ച് രജിസ്റ്ററുമായി ഒരിക്കൽ കൂടി കമ്മീഷൻ മുമ്പാകെ ഹാജരാകാൻ വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 22.10.2019 ൽ ഒറിജിനൽ ഡെസ്പാച്ച് രജിസ്റ്ററുമായി കമ്മീഷൻ മുമ്പാകെ ഹാജരാകുകയുണ്ടായി. പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ മേപ്പടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം മറുപടി നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു.

എന്നിരുന്നാലും 14.08.2018 ൽ തയ്യാറാക്കിയ പ്രസ്തുത മറുപടി അപ്പീൽ ഹർജിക്കാരിക്ക് ലഭ്യമായി ട്ടില്ല എന്നാണ് ടിയാരി അറിയിക്കുന്നത്. ഈ സാഹചര്യത്തിൽ 14.08.2018 ൽ അപ്പീൽ അധികാരി യുടെ തീരുമാനത്തെ തുടർന്ന് നൽകിയ മറുപടി ഒരിക്കൽ കൂടി ഈ ഉത്തരവ് കിട്ടി 5 ദിവസത്തി നുള്ളിൽ Registered with AD ആയി അപ്പീൽ ഹർജിക്കാരിക്ക് അയച്ചു നൽകേണ്ടതാണ്.

**7.** അപ്പീൽ ഹർജിക്കാരിയുടെ അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോ ധിക്കുമ്പോൾ താഴെ പറയുന്ന വീഴ്ചകൾ കമ്മീഷൻ നിരീക്ഷിക്കുന്നു.

1) അപ്പീൽ ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് 04.04.2018 തീയതി നൽകിയ മറുപടി നിയമാനുസൃതമല്ല.
2) വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ വിവരം ഏത് രൂപത്തിൽ ആവശ്യപ്പെടു ന്നുവോ അതേ രൂപത്തിൽ മറുപടി നൽകുവാൻ എസ്.പി.ഐ.ഒ.ബാധ്യസ്ഥനാണ്.
3) അപ്പീൽ അധികാരി 20.06.2018 –ൽ അപ്പീൽ ഹർജിക്കാരിക്ക് മറുപടി നൽകുവാൻ നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടും 14.08.2018 ൽ മാത്രമാണ് ടിയാരിക്ക് മറുപടി നൽകിയത്. പ്രസ്തുത മറുപടി അപ്പീൽ ഹർജിക്കാരിക്ക് ലഭ്യമായിട്ടുമില്ല.

**8.** മേൽ പരാമർശിച്ച വീഴ്ചകൾ വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർ കക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസ ത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമന ത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യ ത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

**9.** അപ്പീൽ ഹർജിക്കാരിയുടെ ഒന്നാം അപ്പീലിന്മേൽ സ്വീകരിച്ച അപ്പീൽ അധികാരി യുടെ നടപടി പ്രശംസനീയമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMATION